# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1938 07.03.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ഗുണ്ടാ-ക്വട്ടേഷൻ മാഫിയകൾക്കെതിരെ നടപടി

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.പി.ടി. തോമസ്
ശ്രീ.വി.ഡി.സതീശൻ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഗുണ്ടാ-ക്വട്ടേഷൻ മാഫിയകൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സാധാരണ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും ജനങ്ങൾ ഭീതിയിലാവുന്നസാഹചര്യം ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ ;

(എ) ഗുണ്ടാ, മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് പോലീസ് ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. ഗുണ്ടാ പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നേരിട്ട് വിളിച്ചുവരുത്തി ചോദ്യം ചെയ്യും, രഹസ്യാന്വേഷണ വിഭാഗത്തെക്കൊണ്ടും, ഗുണ്ടാ സ്ക്വാഡിനെ കൊണ്ടും ടിയാൻമാരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചും, വിശ്വസ്തരായ ആളുകളിൽ നിന്നും ഇത്തരം പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചും, കൂടാതെ സാമൂഹ്യവിരുദ്ധ പ്രവർത്തികളിൽ നിരന്തരം ഏർപ്പെട്ട് വരുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി നിയമത്തിലേയും, KAAPA നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കൂടുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസുകളിൽ പരമാവധി ശിക്ഷ ലഭിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ച് വരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ കുബേര, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് തുടങ്ങിയ പദ്ധതികൾ തുടരുന്നുണ്ടോ; കൊച്ചിയിൽ ഒരു

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ അപാകതകൾ പരിശോധിച്ച് പദ്ധതികൾ തുടർന്നുവരുന്നുണ്ട്. കൊച്ചിയിൽ നടന്ന സംഭവുമായി ബന്ധപ്പെട്ട് പോലീസ് കേസ്

| | | | |
|---|---|---|---|
| | പ്രമുഖ നടിയെ ഓടിക്കൊണ്ടിരുന്ന വാഹനത്തിൽ വച്ച് ആക്രമിക്കുവാൻ മുതിർന്ന സാഹചര്യം കണക്കിലെടുത്ത് ഗുണ്ടകൾക്കെതിരെ സ്വീകരിച്ചിരുന്ന നടപടികൾ ഊർജ്ജിതമാക്കുമോ; | | രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യം തടയുന്നതിന് പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്ത് ഗുണ്ടാവിരുദ്ധ സ്ക്വാഡ് നിലവിലുണ്ടോ; എന്നാണ് അത് രൂപീകരിച്ചത്; പ്രസ്തുത സ്ക്വാഡ് എത്ര ഗുണ്ടകളെ അറസ്റ്റ് ചെയ്തു; എത്ര പേർക്കെതിരെ ഗുണ്ടാ ആക്ട് പ്രകാരം കാപ്പ ചുമത്തി നടപടി സ്വീകരിച്ചു; | (സി) | Executive Directive No.08/2016 dated 01/11/2016 പ്രകാരം സംസ്ഥാനത്ത് ഗുണ്ടാവിരുദ്ധ സ്ക്വാഡുകൾ ജില്ലാ തലത്തിൽ നിലവിൽ വന്നു. പ്രസ്തുത സ്ക്വാഡുകൾ KAAPA സെക്ഷൻ 3 പ്രകാരം 3 പേരെയും CrPC സെക്ഷൻ 151 പ്രകാരം 289 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. 11 പേർക്കെതിരെ KAAPA ചുമത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഗുണ്ടാവിരുദ്ധ സ്ക്വാഡിന്റെ തലവനായി ആദ്യമായി നിയമിതനായ ഓഫീസറെ എന്ത് കാരണത്താലാണ് ഉടൻ തന്നെ സ്ഥലം മാറ്റിയതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഗുണ്ടാവിരുദ്ധ സ്ക്വാഡിന്റെ നോഡൽ ഓഫീസറായി നിയമിച്ച ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.